പുലർകാലം
പായൽപ്പരപ്പിലെഴുതിയത്
വി. രാജകൃഷ്ണൻ

1

# പുലർകാലം പായൽപ്പരപ്പിലെഴുതിയത്

വി. രാജകൃഷ്ണൻ

ഇടശ്ശേരിയുടെ പ്രശസ്തമായ കവിതയാണ് വിവാഹസമ്മാനം. വ്യത്യസ്തമായ വായനയ്ക്കു വിഷയമാക്കുന്നതാണ് ഈ ലേഖനം.

ഇടശ്ശേരി ഗോവിന്ദൻ നായർ തന്റെ വിവാഹസമ്മാനം എന്ന കവിതയ്ക്ക് ചെറിയൊരു മുഖകുറിപ്പ് എഴുതിച്ചേർത്തിട്ടുണ്ട്. സദൃശസംഭവമായ ഒരു റിപ്പോർട്ട് മനസ്സിൽ വിടാതെയുളവാക്കിയ നീറലും കാവ്യരൂപത്തിൽ ഒരു പരീക്ഷണ കൗതുകവുംകൂടി ചേർന്നപ്പോൾ ഉണ്ടായതാണ് ഈ കവിത. നാം ഏറെത്തവണ പറഞ്ഞു കേട്ടിട്ടുള്ള ഒരു പ്രണയ ദുരന്തത്തിന്റെ കഥയാണ് വിവാഹസമ്മാനത്തിന് അടിസ്ഥാനമായി വർത്തിക്കുന്നത്. വിഷയത്തിന്റെ ആവർത്തനപ്പഴക്കം ഒരു കവിതയെ പിന്തിരിപ്പിക്കാൻപോന്ന ഘടകമാണോ? താൻ കൈകാര്യം ചെയ്യുന്ന പ്രമേയത്തിൽ എത്രകണ്ട് അനുഭൂതിതീവ്രത ആവാഹിക്കാൻ കഴിയുന്നു എന്നതിനെ ആശ്രയിച്ചല്ലേ അയാളുടെ രചനയുടെ അന്തിസാഫല്യം നിലകൊളുന്നത്? വിവാഹസമ്മാനത്തിലെ നായികയുടെ കൂടപ്പിറപ്പുകൾ പത്രറിപ്പോർട്ടുകളിൽ മാത്രമല്ല ഇക്കിളിപ്പെടുത്തുന്ന ചെറുകഥകളിലും തുടരൻ നോവലുകളിലുമൊക്കെയായി കഴിഞ്ഞ കുറേക്കാലമായി നമുക്കൊപ്പം ജീവിച്ചുവരികയായിരുന്നു. താൻ സ്നേഹിച്ച പുരുഷൻ വേറൊരുത്തിയുടെ കഴുത്തിൽ താലി കെട്ടുന്നു. അവരുടെ വിവാഹത്തിന്റെ പിറ്റേദിവസം നായിക ഒരു കുറിപ്പുമെഴുതിവച്ചിട്ട് പ്രാണനൊടുക്കുന്നു. അതിഭാവുകത്വസ്പർമുള്ള ഈ കഥാതന്തുവിൽ നിന്നാണ് ഇടശ്ശേരി ഗോവിന്ദൻ നായർ വായനക്കാരന്റെ മനസ്സിൽ ഒടുങ്ങാത്ത നീറൽ അവശേഷിപ്പിക്കുന്ന തന്റെ കവിത രൂപപ്പെടുത്തിയിട്ടുള്ളത്. ഇവിടെ അദ്ദേഹം തിരഞ്ഞെടുത്തിട്ടുള്ള ആവിഷ്കരണ മാർഗം ജി.യുടെ പെരുന്തച്ചൻ ഉൾപ്പെടെ മലയാളത്തിലെ ഉൾക്കനമുള്ള ചില അപൂർവ രചനകളിൽ പരീക്ഷിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. നാടകീയസ്വഗതാഖ്യാനത്തിന്റെ ചടുലദീപ്തികലർന്ന സങ്കേതത്തിലൂടെ വാർന്നു വീണതിനാലാവാം വിവാഹസമ്മാനത്തിൽ കവി പകർത്തിക്കാട്ടുന്ന ജീവിതസന്ധി വായനക്കാരന്റെ മനസ്സിൽ കുത്തനെ മുറിവേൽപ്പിക്കുന്നത്.

ചുറ്റുപാടുകളോടും തന്നോടു തന്നെയുമുള്ള കലഹം പെരുകിക്കൂടിയതിന്റെ ഫലമായി ആത്മഹത്യയുടെ മാർഗം തിരഞ്ഞെടുത്ത സ്ത്രീയുടെ മുഖച്ഛായകൾ വിശ്വസാഹിത്യത്തിൽ പതിഞ്ഞു കിടപ്പുണ്ട്. ഇതിന്റെ ഏറ്റവും പ്രശസ്തമായ ദൃഷ്ടാന്തം കാണാൻ കഴിയുക ടോൾസ്റ്റോയിയുടെ അന്നാ കരിനീനയിലാണെന്നു തോന്നുന്നു. (Leo Tolstoy, Anna Karenina 1877; English translation Constance Gamett)

സ്നേഹത്തിനു വേണ്ടിയുള്ള തന്റെ വ്യർഥമായ അന്വേഷണത്തിനു വിരാമം കുറിച്ചുകൊണ്ട് റെയിൽപ്പാളത്തിൽ തല വെയ്ക്കുന്നതിനു തൊട്ടു മുൻപുള്ള മണിക്കൂറുകളിലെ അന്നയുടെ മാനസികാവസ്ഥ ടോൾസ്റ്റോയ് ചിത്രീകരിച്ചിട്ടുള്ള രീതി നോവലിസ്റ്റിന്റെ രചനാ കൗശലത്തിന്റെ മികവുറ്റ മാതൃക എന്ന നിലയിൽ വിമർശകന്മാരുടെ പ്രശംസ പിടിച്ചു പറ്റിയിട്ടുള്ള ഒന്നാണ്. അന്നയുടെ കുതറിത്തെറിക്കുന്ന ചിത്തവൃത്തികൾ നോവിലിസ്റ്റ് സംവിധാനം ചെയ്തിരിക്കുന്ന രീതി പരിശോധിച്ചാൽ കാണാൻ കഴിയുന്ന ഒരു സംഗതി, താൻ നടത്തുന്ന യാത്രയ്ക്കിടയിൽ വഴിവക്കിലെ ദൃശ്യങ്ങൾ അവളുടെ മസ്സിലുണർത്തുന്ന ആകസ്മികമായ ബന്ധപരമ്പരയെ (chance association) വലം ചുറ്റിയാണ് ഈ വിവരണം പുരോഗമിക്കുന്നത് എന്നതാണ്. ചുറ്റുമുള്ള കാഴ്ചകളും ശബ്ദങ്ങളും ഏതു വിധത്തിൽ കഥാനായികയുടെ മനസ്സിൽ അസുഖകരമായ ഓർമകൾ തട്ടിയുണർത്തി അവളുടെ സ്വൈരം നശിപ്പിച്ചിട്ട് സ്വന്തം വാഴ്‌വിന്റെ പൊള്ളത്തരത്തെക്കുറിച്ചുള്ള തിരിച്ചറിവിലേയ്ക്ക് അവളെ നയിക്കുന്നു എന്നു കാട്ടിത്തരികയാണ് നോവലിസ്റ്റ് ഇവിടെ ചെയ്യുന്നത്. ഒരു ഘട്ടത്തിൽ വച്ച് അന്നയുടെ ആത്മസംഭാഷണം കൂടുതൽ വിഹ്വലവും ശിഥിലവുമായിത്തീരുന്നു. ആത്മഹത്യ എന്ന ആശയം അവളുടെ ചിന്തകളിൽ തരിപ്പുണ്ടാക്കുന്നത് ഈ സന്ദർഭത്തിലാണ്. അന്നാ കരിനീനയുടെ അവസാന ഭാഗത്തിൽ ടോൾസ്റ്റോയ് തന്റെ നായിക

യുടെ മനസ്സിൽ നിന്നുള്ള ഉദ്ധരണികൾ രേഖപ്പെടുത്തിയിട്ടുള്ള രീതി, അതിന്റെ അന്ത:സത്തയിൽ, ആധുനിക നോവലിലെ ബോധധാരാ സങ്കേതത്തിനു മുന്നോടി കുറിച്ച ഒന്നായിരുന്നുവെന്ന് ചില നിരൂപകന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

വിവാഹസമ്മാനത്തിലൂടെ കടന്നു പോകുമ്പോൾ ഒരാൾക്കു തോന്നാനിടയുള്ള ഒരു കാര്യം ഇതിലെ നായികയുടെ മനസ്സിൽ സഞ്ചാരത്തെ കവി കൗശലപൂർവ്വം പിന്നിൽ നിന്നു കൊണ്ട് നിയന്ത്രിക്കുന്നു എന്നതാണ്. സംയമം മുഖമുദ്രയായുള്ള ഒരു കാവ്യവ്യക്തിത്വത്തിനുടമയാണ് ഇടശ്ശേരി എന്ന വസ്തുത പരക്കെ വിളമ്പരം ചെയ്യപ്പെട്ടിട്ടുള്ള ഒന്നാണ്. ഈ സംയമത്തിന്റെ ഒരംശം വിവാഹസമ്മാനത്തിലെ നൈരാശ്യം ബാധിച്ച നായിക ലോകത്തോടു വിടവാങ്ങുന്ന മുഹൂർത്തത്തിന്റെ അവതരണത്തിലും ഉൾച്ചേർന്നിട്ടുണ്ട്. അനുരാഗ വാഞ്ചനയുടെ കയ്പ് ഏറ്റുവാങ്ങി ആത്മബലിക്കു മുതിരുന്ന അവളുടെ ചിന്താധാരയെ കെട്ടഴിച്ചു വിടുകയല്ല കവി ചെയ്തിട്ടുള്ളത്. നേരേമറിച്ച് നിയതമായ ദിശകളിലൂടെയാണ് അവളുടെ അവസാനമൊഴി നീങ്ങുന്നത് എന്ന പ്രതീതിയാണ് വായനക്കാരനു കൈവരുന്നത്. കഥാനായികയുടെ കൺമുമ്പിലൂടെ ഭൂതവർത്തമാനങ്ങൾ മിന്നിപ്പൊലിയുന്ന രീതിക്കുമുണ്ടൊരു അടുക്കും ചിട്ടയും. വിവാഹസമ്മാനത്തിലെ പദവാക്യഘടനയും ഭാഷാവിന്യാസവും പരമ്പരാഗതമായ കാവ്യശൈലിയെ അനുസരിക്കുന്നു. ഒരുപക്ഷേ, ഈ അർഥത്തിൽ മുഖക്കുറിപ്പിൽ ഇടശ്ശേരി സൂചിപ്പിക്കുന്ന കാവ്യ രൂപത്തിലെ പരീക്ഷണ കൗതുകം അതിന്റെ ലക്ഷ്യത്തിലെത്തിയിട്ടില്ല എന്നും നാടകീയസ്വാഗതാഖ്യാനം പോലൊരു ആവിഷ്കരണസങ്കേതം തുറന്നു തരുന്ന സാധ്യതകൾ ഈ കവിതയിൽ വേണ്ടപോലെ സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല എന്നും ഒരാൾക്കു വാദിക്കാവുന്നതാണ്. ചിതറിത്തെറിക്കുന്ന ഓർമകളും ഇടഞ്ഞു നിൽക്കുന്ന കൂറുകളും ഉള്ളിൽപ്പേറിക്കൊണ്ട് ജലസമാധിയിലേക്കു നീന്തിയടുക്കുന്ന ഒരുവളുടെ ആത്മാപഗ്രഥനത്തിൽ അടങ്ങിയിട്ടുള്ള ശിഥിലഭാവം പിടിച്ചെടുക്കാൻ പോന്ന ഒരു കാവ്യോപകരണമായി ഇവിടത്തെ നാടകീയസ്വഗതാഖ്യാനസങ്കേതം മാറേണ്ടിയിരിക്കുന്നു?

വിവാഹസമ്മാനത്തിലെ ഭാവഗതിക്കു ഇഴുക്കം കൂട്ടുന്ന ഘടകങ്ങളാണ് ഇതിനുള്ളിലെ അന്തരീക്ഷ വർണനയും സമയ സൂചനകളും കിഴക്കു വെള്ള കീറുന്നതിനു മുൻപുള്ള വേളയിലാണ് കഥാനായിക തന്റെ കൊച്ചനിയനുമൊത്ത് കുളക്കടവിലെത്തുന്നത്. തുടർന്നങ്ങോട്ടുള്ള അവളുടെ ചലനങ്ങൾക്കിടയിലെല്ലാം ‘സമയത്തിന്റെ’ കടന്നുപോകലിനെക്കുറിച്ചു നാം ബോധവാന്മാരായിത്തീരുന്നു. പായൽ മൂടി ഇരുട്ടു പരന്നു കിടക്കുന്ന പച്ചക്കുളത്തിൽ പയ്യെ മീനുണരുന്നതും മിന്നൽ വീശുന്നതും നേർത്ത കളകളമുയരുന്നതും നമ്മുടെ ശ്രദ്ധയിൽ പെടുന്നു. അന്ധകാരത്തെ വകഞ്ഞു മാറ്റിക്കൊണ്ട് ആകാശത്തിൽ നേരിയ വെട്ടം അരിച്ചിറങ്ങുന്നത് നായിക കാണാതെ പോകുന്നില്ല. രാത്രിയുടെ അവസാന യാമം വറ്റിത്തീരാറായ വേളയിൽ പ്രകൃതി കൈക്കൊള്ളുന്ന സവിശേഷഭാവത്തെ തീക്ഷ്ണമായ ഒരലങ്കാര കൽപ്പനയിലൂടെ കവി സംഗ്രഹിക്കുന്നു: പേടിപ്പെടുത്തുന്ന വസ്തുവെല്ലാം/മൂടിയഴിച്ചിട്ടു ചിരിക്കയായി. ബാഹ്യപ്രകൃതി ഈ വിധം നിശാചരരൂപിണിയായി ആർത്തു ചിരിക്കുന്ന സമയത്താണ് ജീവിതത്തിലെ പിടിവള്ളികളറ്റ നായിക കറുത്തിരുണ്ട ജലാശയത്തിൽ ഊളിയിട്ടിറങ്ങുന്നത്. കവിതയുടെ അവസാന ഭാഗത്ത് അവൾ താമരപ്പൂവിനടുത്ത് നീന്തിയെത്തുമ്പോൾ ആകാശത്തിൽ ചുവപ്പു പരന്നു തുടങ്ങുന്നു. തന്റെ ഒടുവിലത്തെ നീരാട്ടിനായി അവൾ തിരഞ്ഞെടുത്തിരിക്കുന്ന കുളത്തെപ്പറ്റി കവി നൽകുന്ന വിവരണമിതാണ്: ദു:ഖദവിസ്മൃതിപ്പൂപ്പൽ മൂടി/ദുഷ്കാലം പെട്ടേടമെന്നപോലെ. അവൾ യഥാർഥത്തിൽ കൂപ്പു കുത്തുന്നത് മനസ്സിന്റെ താഴ്ചയുള്ള കയങ്ങളിലാണ് എന്ന തിരിച്ചറിവ് അങ്ങനെ വായനക്കാരനു കൈ വരുന്നു. നിശ്ചലമായ ഒരു ജലാശയത്തിൽ ഒരു കല്ലു വന്നു വീഴുമ്പോൾ ഓളങ്ങൾ വട്ടം വീശി പരക്കുന്നതുപോലെ, ഓർമകൾ വൃത്താകൃതിയിൽ വികസിക്കുന്ന ഹൃദയത്തിന്റെ ആഴപ്പരപ്പിലാണ് അവൾ മുങ്ങിത്താഴുന്നതും സമ്മാനിക്കാനായി അവൾ പറിച്ചെടുത്ത താമരപ്പൂവ് അവളുടെ പുഷ്പിക്കാതെ പോയ അനുരാഗ പ്രതീക്ഷയുടെയും അനുജത്തിയുടെ നേർക്കുള്ള അവളുടെ നിസ്വാർഥമായ സ്നേഹത്തിന്റെയുമെല്ലാം പ്രതിരൂപമായിത്തീരുന്നു.

നായികയുടെ മനസ്സിലെ കടന്നൽക്കൂട് ഇളകിത്തെറിക്കുന്ന വേളയിൽ കവി നേരിയ വരികളിലൂടെ അവളുടെ ജീവിത പശ്ചാത്തലം തെളിച്ചു കൊടുക്കുന്നുണ്ട്. പേരില്ലാത്ത ഒരു ഭീതിയുടെ നിഴലിൽ കഴിയുന്ന ഒരമ്മയും രണ്ടു

പെൺമക്കളുമടങ്ങിയ ഒരു കുടുംബം ഫ്യൂഡൽ കാലഘട്ടത്തിന്റെ അന്തിമിനുക്കം തങ്ങിനിൽക്കുന്ന ആ കുടുംബത്തിനകത്ത് നായിക പങ്കുവയ്ക്കുന്ന, ഞെരുക്കുന്ന സാഹചര്യങ്ങളിലേക്ക് ഒരു നാടൻ പ്രയോഗത്തിലൂടെ കവി വിരൽ ചൂണ്ടുന്നു. കാലേ കുളിച്ചാലോ വേശിയാട്ടം/കാലത്തെണീയ്ക്കാഞ്ഞാൽക്കള്ളനാട്യം. നായികയുടെ പ്രണയബന്ധവും അതിന്റെ ക്രൂര പരിണാമവും വീട്ടിനുള്ളിൽ അസ്വസ്ഥത പടർത്തിയതായി സൂചനയുണ്ട്. നായികയുടെ അനുജത്തി വിവാഹിതയാകുമ്പോൾ അമ്മ ആശ്വസിക്കുന്നത് ഇപ്രകാരമാണ്; അമ്മകൾ മേലിൽപ്പിഴക്കില്ലല്ലോ. ഇങ്ങനെ ജീവിതം മുൾക്കിരീടമായി മാറിയപ്പോഴാണ് നായിക കടുംകൈ കാട്ടാനൊരുങ്ങിയത്.

മരണത്തിലേക്ക് അടിവച്ചു നീങ്ങുന്ന നേരത്ത് ഒരുവക നിശ്ചയദാർഢ്യം അവളുടെ ചിന്തകളിൽ നിഴലിക്കുന്നുണ്ട്. വെയിൽ നാളങ്ങൾ തട്ടി പച്ചക്കുളത്തിനു ജീവൻ വയ്ക്കുന്നതിനു മുൻപ് അവൾക്കു പുതുമണവാളനു താൻ സമ്മാനിക്കാനുദ്ദേശിക്കുന്ന താമരപ്പൂവറുക്കണം, അയാളുമൊത്ത് താൻ പണ്ടു പങ്കിട്ട പ്രണയസുരഭിലമായ നാളുകളുടെ ഓർമകൾ അവൾ അയവിറക്കുന്നതു കാണാം. രണ്ടു ശരീരവും ഒറ്റ മനസ്സുമായി കഴിഞ്ഞതിനു ശേഷം തന്നോടു യാത്ര ചൊല്ലി അനുജത്തിയുടെ കഴുത്തിൽ താലി ചാർത്തിയ ആ മാന്യശീലനെ പരിഭവമോ ഈർഷ്യയോ കൂടാതെയാണ് അവൾ സ്മരിക്കുന്നത്. ദുരന്ത വാർത്ത കേട്ടറിഞ്ഞു സംഭവസ്ഥലത്ത് ഓടിയെത്തുന്ന അയാൾ താൻ താമരത്തണ്ടിൽ ചേലകുരുങ്ങിക്കിടക്കുന്നതു കാണുന്ന രംഗം അവളുടെ ഭാവനയിൽ തെളിയുന്നു. ബാലികയായിരുന്ന കാലം തൊട്ട് താൻ അയാളുടെ മുമ്പിൽ കാലേ കുളിച്ചു കുറിയിട്ട് ചേലയും പണ്ടവും ചാർത്തി മാത്രമേ നിന്നിരുന്നുള്ളൂവെന്ന് അവൾ അഭിമാനപൂർവം ഓർമിക്കുന്നു. സ്ത്രീശരീരത്തിന്റെ രണ്ടവസ്ഥകളെക്കുറിച്ചുള്ള ഈ പരാമർശം, രാത്രിയുടെ കൊച്ചു മണിക്കൂറുകളിൽ പ്രകൃതിയിൽ നിറഞ്ഞു നിൽക്കുന്ന വിവരണാതീതമായ നിശ്ശബ്ദതയ്ക്ക് പോറലേൽപ്പിച്ചുകൊണ്ട് അലകളടങ്ങിയ ജലാശയത്തിനടിയിൽ നിന്നുയർന്നു പൊങ്ങുന്ന അമർത്തിപ്പിടിച്ച തേങ്ങലിനു പുതിയൊരു ആഴം സമ്മാനിക്കുന്നു.

ഈ നാടകീയസ്വാഗതാഖ്യാനത്തിലെ ശ്രോതാവായ ബാലൻ തീർത്തും ഒരു പ്രധാന കഥാപാത്രമല്ല. കൊച്ചനിയനോടുള്ള വാത്സല്യവും അവന്റെ ഭാവിയെച്ചൊല്ലിയുള്ള ഉത്കണ്ഠയും തന്റെ അവസാന യാത്രയിലുടനീളം നായികയുടെ മനസ്സിനെ തരളിതമാക്കുന്നുണ്ട്. തന്റെ ആത്മഭാഷണത്തെ ഇടമുറിച്ചു കൊണ്ട് അവൾ അവനെ സംബോധന ചെയ്തു സംസാരിക്കുന്നതു കാണാം. കവിതയുടെ അവസാന ഭാഗത്തിൽ അകലെ താൻ കാണാൻ പോകുന്ന അവസാനത്തെ പ്രഭാതം പൊട്ടിവിരിയുന്ന നേരത്ത് അവളുടെ മനസ്സിനെ തിളക്കുന്നത് അവന്റെ ചുണ്ടിൽ വിരിയുന്ന പുഞ്ചിരിയാണ്. താനില്ലാത്ത ഒരു ലോകത്തെപ്പറ്റി സങ്കൽപ്പിക്കാൻ ശ്രമിക്കുമ്പോൾ അവളുടെ ചുണ്ടിൽ വിതുമ്പി നിൽക്കുന്ന ഒരു ചോദ്യം കവിതയിൽ പല്ലവി കണക്ക് ആവർത്തിച്ചിരിക്കുന്നു. ഞാനീക്കറുത്തൊരു നീറ്റിൽ മുങ്ങി/കാണാതെയാമ്പോൾ കരയുമോ നീ, ഒരുപക്ഷേ, ഹതഭാഗ്യയായ ഈ സ്ത്രീയുടെ ആത്മാവിന്റെ സൈ്വരം നശിപ്പിക്കാൻ പോന്ന ചില വികൽപ്പങ്ങൾ ഇവിടെ ബാക്കി നിൽപ്പാണ്. താൻ മൂകസാക്ഷ്യം വഹിക്കുന്ന അത്യാഹിതം ആ പയ്യനിലുണ്ടാക്കുന്ന വൈകാരികാഘാതം എത്ര ആഴത്തിലുള്ള ഒന്നാകാനാണിട? ഈ സംഭവത്തിന്റെ ഓർമ അവനെ കശക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്തുകൊണ്ട് ഏറെക്കാലം തങ്ങി നിൽക്കുമോ? ഏട്ടത്തിയുടെ ദുർമരണം ജനിപ്പിക്കുന്ന കുറ്റബോധം മുതിർച്ചയുടെ അടുത്ത ഘട്ടത്തിലേക്കു കടക്കുന്ന സന്ദർഭത്തിൽ ജീവിതത്തെ തന്റേടത്തോടുകൂടി നേരിടുന്നതിൽ നിന്ന് അവനെ പിന്നോട്ടു വലിക്കുന്ന ഭാരിച്ചൊരു ശാപമായി പരിണമിച്ചു കൂടായ്കയുണ്ടോ? വായനക്കാരൻ ഇവയ്ക്കുള്ള ഉത്തരം കണ്ടെത്തുമ്പോഴായിരിക്കും ഈ കവിതയുടെ ആസ്വാദനം പൂർത്തിയാകുന്നത്.

വിവാഹസമ്മാനത്തിന്റെ വൃത്തം മഞ്ജരിയാണ് എന്നത് ചെറുതായി ചിന്തിക്കാൻ വക നൽകുന്ന കാര്യമാണ്. ഏതൊക്കെ ഭാവങ്ങളുമായി വൈകാരികാവസ്ഥകളുമായാണ് മഞ്ജരി വൃത്തത്തെ നാം സാധാരണയായി ബന്ധപ്പെടുത്താറുള്ളത് എന്നു സാഹിത്യ വിദ്യാർഥികളോടു പ്രത്യേകം പറയേണ്ടതില്ല. ഉറക്കുപാട്ടിന്റെ ഈണം ഈ വൃത്തത്തിൽ ലയിച്ചു കിടപ്പുണ്ട്. എന്നാൽ

വിവാഹസമ്മാനത്തിൽ സാക്ഷാത്കാരം പൂണ്ടു നിൽക്കുന്നത് മഞ്ജരിയുടെ മറ്റൊരു സാധ്യതയാണെന്നു തോന്നുന്നു. ദൂരെ തന്നെ മാടിവിളിക്കുന്ന ആപത്കരമായ ലക്ഷ്യസ്ഥാനത്തേക്ക് ഇരു കയ്യും വീശി നീന്തിച്ചെല്ലുന്ന ഒരുവളുടെ നെഞ്ചിനുള്ളിലെ താളഗതിക്കനുസരിച്ച് മഞ്ജരി കുറുകുകയും ചെയ്യുന്നതു കാണാം ഇവിടെ.

പെങ്ങൾ, വിവാഹസമ്മാനം, എന്നീ കവിതകൾ കാട്ടിത്തരുന്നത് ഇടശ്ശേരിയുടെ കവന വ്യക്തിത്വത്തിന്റെ വേറിട്ട ഒരു മുഖമാണ് എന്നതല്ലേ നേര്? കൂട്ടായ പ്രവർത്തനത്തിലും സംഘം ചേർന്നുള്ള മുന്നേറ്റത്തിലും വിശ്വാസമർപ്പിച്ച ഈ കവി വൈയക്തികതലത്തിൽ അരങ്ങേറുന്ന വിപരീതാനുഭവങ്ങൾക്ക് ഇടം അനുവദിക്കുന്ന തരത്തിൽ തന്റെ സംവേദന ശീലത്തെ പാകപ്പെടുത്തിയെടുത്തു എന്നതിന്റെ തെളിവാണ് ഈ രചനകൾ. പുറംലോകവുമായുള്ള തന്റെ കലഹത്തിൽ നിന്ന് ഇടശ്ശേരി സൃഷ്ടിച്ചെടുത്തത് വാഗ്മിത്വമല്ല, കവിത തന്നെയായിരുന്നു. അതേ സമയം താൻ കുരുക്കഴിക്കാൻ ശ്രമിച്ച സാമൂഹ്യ സമസ്യകൾക്കു പുറത്തുള്ള മൂക വേദനകൾ മനസ്സിൽ കടന്നു വന്നു കലമ്പൽ കൂട്ടിയ അപൂർവം സന്ദർഭങ്ങളിൽ അദ്ദേഹം തന്റെ നന്തുണിയിൽ ആർദ്രമധുരമായ ചില ഈണങ്ങൾ കൊരുത്തിട്ടു.